(സി) ഇത്തരത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങളിൽ പോലീസ് ഉദ്യോഗസ്ഥൻമാർ പ്രതികളായിട്ടുള്ള എത്ര കേസുകളാണ് ഓരോ വർഷവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും അത്തരം കേസുകളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാരിൽ എത്രപേർക്കെതിരെ പോലീസ് വകുപ്പ് ശിക്ഷാനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

ബലാൽസംഗത്തിനിരയായ പട്ടികജാതി/പട്ടികവർഗ്ഗക്കാർ

95 [96] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകൾ ബലാൽസംഗത്തിനിരയായിട്ടുണ്ടെന്ന് പറയാമോ;

(ബി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സ്ത്രീപീഡനം

96 [97] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് സ്ത്രീപീഡനത്തെ തുടർന്ന് എത്ര പേർ ആത്മഹത്യ ചെയ്തിട്ടുണ്ട്;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സ്ത്രീപീഡനത്തെ തുടർന്ന് എത്ര കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 396 പേർ.

(ബി)

തിരുവനന്തപുരം	..	45
കൊല്ലം	..	32
പത്തനംതിട്ട	..	7
ആലപ്പുഴ	..	12
കോട്ടയം	..	23
ഇടുക്കി	..	36
കൊച്ചി	..	5
എറണാകുളം റൂറൽ	..	24
തൃശ്ശൂർ	..	47
പാലക്കാട്	..	61
മലപ്പുറം	..	26
കോഴിക്കോട്	..	23
വയനാട്	..	14
കണ്ണൂർ	..	24
കാസർകോട്	..	17
ആകെ	..	396

(സി) 78 കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സ്ത്രീപീഡന കേസുകൾ

97 [98] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്ത് എത്ര സ്ത്രീപീഡനക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതിൽ എത്ര കേസുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്;

(സി) അന്വേഷണം പൂർത്തിയാക്കി കോടതിക്ക് റഫർ ചെയ്യാൻ ഇനി എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly